# വിശ്വാസികളും വിശ്വാസ ജീവിതവും

''എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും.'' എബ്രാ. 10:38

വളരെയധികം ഉപയോഗിക്കപ്പെടുകയും വളരെ കുറച്ചു മാത്രം (?) മനസ്സിലാക്കപ്പെടുകയും ചെയ്യുന്ന ഒരു പദപ്രയോഗമാണ് വിശ്വാസത്താലുള്ള ജീവിതം. മനസ്സിലാക്കപ്പെടാത്തത് എന്നു മാത്രമല്ല തെറ്റായ ധാരണകൾ വച്ചുപുലർത്തുന്നതുമായ ഒരു വിഷയമാണിത്.

***വിശ്വാസത്താൽ ഉള്ള ജീവിതത്തെക്കുറിച്ച് പൊതുവായുള്ള ധാരണകൾ:-***

1. കർത്താവായ യേശുക്രിസ്തുവിൽ ആത്മരക്ഷയ്ക്കായ് വിശ്വസിച്ചവർക്ക് നിത്യജീവൻ ഉണ്ട്. അവർ ഇനി മരണത്തെ കാണാതെ ആത്മികമായി എന്നേക്കും ജീവിക്കും. ഇതാണ് വിശ്വാസത്താലുള്ള ജീവിതം. ഈ ധാരണ ശരിയല്ല. കാരണം പാപബോധം ഉണ്ടാവുകയും പശ്ചാത്താപിച്ച് മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും നിത്യജീവൻ ഉണ്ട്. എന്നാൽ നിത്യജീവൻ ലഭിച്ച എല്ലാവരും വിശ്വാസജീവിതം നയിക്കുന്നവർ ആകണം എന്നില്ല. ജീവനും ജീവിതവും രണ്ടാണല്ലോ!

2. വിശ്വാസജീവിതത്തെക്കുറിച്ച് രണ്ടാമത് ഉള്ള ചിന്ത പൂർണ്ണസമയം കർത്താവിന്റെ വേലയ്ക്കായി വിളിക്കപ്പെട്ടവർ അവരുടെ ദൈനംദിന ആവശ്യങ്ങൾക്കായി കർത്താവിൽ ആശ്രയിക്കുന്നു. ഇപ്രകാരം കർത്താവ് 'പുലർത്തും' എന്ന വിശ്വാസത്താലുള്ള ജീവിതമാണ് വിശ്വാസജീവിതം. ഈ ധാരണയും പൂർണ്ണമായി ശരിയല്ല. കർത്താവിന്റെ വേലക്കാർ തങ്ങളുടെ ആവശ്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യനെ അറിയിക്കാതെ, കർത്താവിൽ ആശ്രയിക്കണം എന്നുള്ളത് വചനത്തിലെ പ്രമാണമാകുന്നു. എന്നാൽ അതു മാത്രമാണ് വിശ്വാസജീവിതമെന്നും, അവർ മാത്രമാണ് വിശ്വാസജീവിതം ചെയ്യുന്നതെന്നും പറയുന്നത് തെറ്റാണ്. ''എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും'' എന്നു പറഞ്ഞിരിക്കുന്നത് കർത്താവിന്റെ വേലക്കാരെ ഉദ്ദേശിച്ചുമാത്രം അല്ല. അവർ മാത്രമല്ലല്ലോ നീതിമാന്മാർ! ഹാബേൽ, ഹാനോക്ക്, നോഹ തുടങ്ങി എബ്രായർ 11-ൽ പറഞ്ഞിരിക്കുന്ന വിശ്വാസികളിൽ ആരും 'പൂർണ്ണസമയ സുവിശേഷകർ' ആയിരുന്നില്ല. എങ്കിലും അവർ എല്ലാവരുടെയും ജീവിതത്തെ ''വിശ്വാസത്താൽ'' എന്നാണ് ആത്മാവ് വിശേഷിപ്പിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്.

***വിശ്വാസത്താലുള്ള ജീവിതത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ടുന്ന ചില വസ്തുതകൾ:-***

1. കർത്താവായ യേശുക്രിസ്തുവിൽ ആത്മരക്ഷയ്ക്കായി വിശ്വസിച്ച എല്ലാവരും വിശ്വാസ ജീവിതം നയിക്കുവാൻ അർഹരും ബാദ്ധ്യസ്ഥരുമാണ്.

2. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ആത്മജീവൻ ലഭിച്ചവർക്കു മാത്രമേ വിശ്വാസജീവിതം നയിക്കുവാൻ കഴിയുകയുള്ളൂ.

3. വിശ്വാസത്താൽ ജീവിക്കുന്നവർ മാത്രമേ ദൈവേഷ്ടപ്രകാരവും ദൈവത്തിന് പ്രസാദകരവുമായി ജീവിക്കുന്നുള്ളൂ!!

4. വിശ്വാസജീവിതം ഉൽപ്രാപണത്തിനു മുമ്പു മാത്രമെ സാധ്യമാവുകയുള്ളൂ.

എന്താണ് വിശ്വാസ ജീവിതം? ഈ ചോദ്യത്തിന് ഉത്തരമായി ആദ്യം വിശ്വാസ

ജീവിതത്തിന് ഒരു നിർവ്വചനവും അതിനുശേഷം എബ്രായർ 11–ാം അദ്ധ്യായത്തിൽ നിന്നും ഈ നിർവ്വചനത്തിന് ചില ഉദാഹരണങ്ങളും നമുക്ക് ശ്രദ്ധിക്കാം.

"വിശ്വാസജീവിതം എന്നാൽ, ഒരു വ്യക്തി ദൈവിക വെളിപ്പാടുകൾ വിശ്വസിക്കുകയും അവ മനസ്സിലായാലും ഇല്ലെങ്കിലും, മാനുഷിക ചിന്തകൾക്ക് വിധേയമോ അതീതമോ ആയാലും ലൗകിക ദൃഷ്ടിയിൽ വിഡ്ഢിത്തമോ ബുദ്ധിപരമോ ആയാലും, കഷ്ടനഷ്ടങ്ങൾ എന്തു വന്നാലും, ആ വെളിപ്പാടുകൾക്ക് അനുസൃതമായി സ്വന്തജീവിതത്തെ ക്രമപ്പെടുത്തുന്നത് ആകുന്നു." ദൈവവചനത്തിന്റെ വെളിച്ചമില്ലാതെ വിശ്വാസജീവിതം അസാദ്ധ്യമാകുന്നു. നാം ജീവിക്കേണ്ടുന്നതിന് അഥവാ പ്രാവർത്തികമാക്കേണ്ടതിന് നൽകപ്പെട്ടിരിക്കുന്ന വിശ്വാസമാണ് ദൈവവചനം. (യൂദ 3, മത്തായി 4:4). ആരെയൊക്കെക്കുറിച്ച് എബ്രായർ 11–ൽ പറഞ്ഞിരിക്കുന്നുവോ അവർ എല്ലാവരും ദൈവവചനത്തോടു കാണിച്ച പ്രതിക്രിയയെ ആണ് 'വിശ്വാസത്താൽ' എന്ന വാക്കുകൊണ്ട് ലേഖനകർത്താവ് വർണ്ണിച്ചിരിക്കുന്നത്. വിശ്വാസത്താൽ ജീവിക്കുന്ന വ്യക്തികളുടെ വ്യക്തിപരവും കുടുംബപരവും സഭാപരവും സാമൂഹ്യപരവുമായ ജീവിതം ലൗകിക നിയമങ്ങളിൽ അല്ല പകരം ദൈവവചനത്തിന്റെ വ്യവസ്ഥകളിൽ അധിഷ്ഠിതമായിരിക്കും.

ഇനി നമ്മുടെ ശ്രദ്ധയെ എബ്രായർ 11–ലേക്ക് തിരിക്കാം. താങ്കൾ വേദപുസ്തകം തുറന്നുവോ? എബ്രായർ 11:1–3 വരെ മുഖവുരയായി ലേഖകൻ വിശ്വാസത്തിന്റെ മൂലതത്ത്വങ്ങൾ അനുവാചകർക്കു മുമ്പാകെ അവതരിപ്പിക്കുന്നു. ഒന്നാം വാക്യം വിശ്വാസത്തിന് ഒരു നിർവ്വചനം അല്ല പകരം വിശ്വാസത്തിന്റെ പ്രഭാവത്തെക്കുറിച്ചുള്ള ഒരു പ്രസ്താവനയാകുന്നു. (Hamitton Smith, The Epistle to the Hebrews an Expository outline P.P. 61) വിശ്വാസം എന്താകുന്നു എന്നതിനേക്കാൾ ഉപരി വിശ്വാസം എന്തു ചെയ്യുന്നു എന്നാണ് ലേഖകൾ വ്യക്തമാക്കുന്നത്.

1. വിശ്വാസം തന്റെ ഉടമസ്ഥനിൽ കണ്ടിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ച് ദൃഢനിശ്ചയവും യാഥാർത്ഥ്യബോധവും ഉളവാക്കുന്നു. (എബ്രാ. 11:1)
2. വിശ്വാസം തന്റെ ഉടമസ്ഥന് ദൈവത്തിൽ നിന്നും നല്ല സാക്ഷ്യം നൽകിക്കൊടുക്കുന്നു. (2–ാം വാക്യം).
3. വിശ്വാസം അവിശ്വാസികളുടെ അറിവിന്റെ പരിധിക്ക് പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ തന്റെ ഉടമസ്ഥന് പ്രാപ്തി നൽകുന്നു. (3–ാം വാക്യം)

നിരീശ്വരരായ ശാസ്ത്രജ്ഞന്മാർ പരിണാമ സിദ്ധാന്തപ്രകാരം മനുഷ്യൻ കുരങ്ങിൽ നിന്നുണ്ടായി എന്നു പറയുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ, ലോകവും അതിലുള്ളതൊക്കെയും ദൈവത്തിന്റെ സൃഷ്ടിയാണെന്നും മനുഷ്യന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണെന്നും നാം അറിയുന്നു. എങ്ങിനെയാണ് ഈ അറിവ് നമ്മിൽ ദൃഢമായത്? ഓർക്കുക വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു! ദൈവവചനമാണ് ഈ സത്യം ലോകത്തിന് വെളിപ്പെടുത്തുന്നത്. എന്നാൽ എല്ലാവരും ഇത് അംഗീകരിക്കുന്നില്ല. കാരണം കേൾപ്പിക്കപ്പെട്ട വാർത്ത അവരിൽ വിശ്വാസമായി പരിണമിക്കുന്നില്ല. എന്നാൽ നമുക്ക് അത് വിശ്വസിക്കുവാൻ ദൈവം കൃപ നൽകി. ഈ വിശ്വാസം നമ്മിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. പരിണാമ വാദികൾ മനുഷ്യനും ജീവനും വില കൽപ്പിക്കാതെ സദാചാര ധാർമ്മിക മൂല്യങ്ങൾ കാറ്റിൽ പറത്തുമ്പോൾ, വചനത്താൽ നാം അറിഞ്ഞ സൃഷ്ടി വിവരണം ദൈവത്തിലുള്ള വിശ്വാസം നമ്മിൽ ഊട്ടി ഉറപ്പിക്കുകയും, സദാചാര ധാർമ്മിക മൂല്യങ്ങൾക്ക് വില കൽപ്പിച്ചുകൊണ്ട്

ആത്മിക കാര്യങ്ങൾക്ക് പ്രാധാന്യം നൽകി ദൈവത്തെ ഭയപ്പെടുവാൻ തക്കവണ്ണം നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുകയും ചെയ്തു! ദൈവം ഇല്ല എങ്കിൽ മനുഷ്യന് തോന്നിയതുപോലെ ജീവിക്കാം. എന്നാൽ ദൈവം ഉണ്ടെങ്കിൽ തങ്ങളുടെ ജീവിതരീതികൾക്കും പ്രവർത്തനങ്ങൾക്കും മനുഷ്യർ കണക്ക് ബോധിപ്പിക്കേണ്ടതാകുന്നു.

എബ്രായർ 11:4 മുതലുള്ള വാക്യങ്ങളിൽ ചില പഴയ നിയമ വിശ്വാസികൾ എപ്രകാരം വിശ്വാസത്താൽ ജീവിച്ചു എന്ന് ലേഖകൻ വിവരിക്കുന്നു. വിശ്വാസ ജീവിതത്തെക്കുറിച്ച് നാം ചിന്തിച്ച കാര്യങ്ങൾ ഇവരിൽ യാഥാർത്ഥ്യമായിരുന്നുവോ എന്നു നമുക്ക് നോക്കാം.

**1. ഹാബേൽ**

"വിശ്വാസത്താൽ ഹാബേൽ കയിന്റേതിലും ഉത്തമമായ യാഗം കഴിച്ചു." എബ്രാ.11:4 എന്താണ് ഹാബേൽ വിശ്വസിച്ചത്? എങ്ങിനെയാണ് രക്തം ചൊരിയാതെ വിമോചനം ഇല്ല എന്നു ഹാബേൽ മനസ്സിലാക്കിയത്? വീണ്ടും ഓർക്കുക, വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു! എഴുതപ്പെട്ട വചനം ഇല്ലാതിരുന്ന കാലത്ത് ദൈവിക വെളിപ്പാടുകൾ വാങ്മൂലം തലമുറകൾ വിശ്വസ്തതയോടുകൂടി കൈമാറിയിരുന്നു. മോശയുടെ കാലഘട്ടത്തോളം ഇത് തുടർന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. (ആദമും ഹാനോക്കും 308 സംവത്സരങ്ങൾ ഒരുമിച്ചു ജീവിച്ചു. ഹാനോക്കും നോഹയുടെ പിതാവായ ലാമെക്കും 50–ൽപരം വർഷങ്ങൾ ഒരുമിച്ച് ജീവിച്ചിരുന്നു. നോഹയുടെ മകൻ ശേം ഇസഹാക്കിന്റെ കാലത്തോളം ജീവിച്ചു. ഇവർ തങ്ങൾ അറിഞ്ഞ സത്യങ്ങൾ പരസ്പരം കൈമാറിയിരുന്നു.) ആദമിൽ നിന്നും രക്ത ചൊരിച്ചിലോടുകൂടിയ യാഗത്തെക്കുറിച്ച് ഹാബേലും കയീനും കേട്ടിരുന്നു. ഹാബേൽ അത് വിശ്വസിച്ചു. തന്റെ ജ്യേഷ്ഠനായ കയീൻ വ്യത്യസ്തവും ആകർഷകവുമായ വസ്തുക്കളുമായി ദൈവസന്നിധിയിൽ വന്നപ്പോൾ ഹാബേൽ അത് മാതൃകയാക്കാതെ വെളിപ്പെടുത്തപ്പെട്ട സത്യത്തിന് അനുരൂപമായി തന്റെ പ്രവർത്തിയെ ക്രമപ്പെടുത്തി. ദൈവേഷ്ടം ചെയ്തതിന് ഹാബേലിന് തന്റെ ജീവൻ ബലികൊടുക്കേണ്ടി വന്നു! വിശ്വാസത്താൽ ഹാബേൽ.......!

ഒരു നിമിഷം ചിന്തിക്കുക. നമ്മുടെ യാഗാർപ്പണങ്ങൾ എപ്രകാരമാകുന്നു? നമ്മുടെ ജീവിതാർപ്പണം? റോമ. 12:1, സ്തോത്രാർപ്പണം? എബ്രാ. 13:15, ധനാർപ്പണം? എബ്രാ. 15:16. ദൈവേഷ്ടം നിവർത്തിക്കായി നമ്മെത്തന്നെ സമർപ്പിച്ചിരുന്നുവോ? ഇടവിടാതെ സന്തോഷ ത്തോടുകൂടി സ്തോത്രം പറയുവാൻ സാധിക്കുന്നുവോ അതോ നിങ്ങളുടെ കിന്നരങ്ങൾ ബാബേലിലെ (ലോകം) അലരിവൃക്ഷക്കൊമ്പുകളിൽ തൂക്കിയിട്ടിരിക്കുന്നുവോ? (സങ്കീ.137:2). അനേകർക്കും തിരുവത്താഴ ശുശ്രൂഷയിൽ വായ് തുറക്കുവാൻ കഴിയാത്തതിന് കാരണം മറ്റൊന്നുമല്ല. ധനവിനിയോഗം ദൈവവചനത്തിലെ മാറ്റമില്ലാത്ത തത്ത്വങ്ങളുടെ (1 കൊരി. 16, 2 കൊരി.8) അടിസ്ഥാനത്തിലോ അതോ മാനുഷിക ബുദ്ധിക്ക് അനുസൃതമോ? ഓർക്കുക! ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല.

**2. ഹാനോക്ക്**

"വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു.... അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെടുന്നതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു. എബ്രാ. 11:5.

വീണ്ടും നാം പഴയ ചോദ്യം ആവർത്തിക്കണം. എന്താണ് ഹാനോക്ക് വിശ്വസിച്ചത്? എന്തെങ്കിലും വെളിപ്പാട് ഹാനോക്കിന് ലഭിച്ചുവോ? ഉൽപ്പത്തി പുസ്തകം 5–ാം അദ്ധ്യായം ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നുണ്ട്. ഉൽപ്പത്തി 5:21–ാം വാക്യം ഇംഗ്ലീഷിൽ വായിക്കുമ്പോൾ ഹാനോക്ക് 65 സംവത്സരം ജീവിച്ചു, മെഥുശലേഹിനെ ജനിപ്പിച്ചു എന്നാകുന്നു. മെഥുശലേഹിന്റെ ജനനം വരെ ഹാനോക്ക് മറ്റു മനുഷ്യരെപ്പോലെ ജീവിച്ചു.

എന്നാൽ മെഥുശലേഹിന്റെ ജനനശേഷം ഹാനോക്ക് 300 സംവത്സരം ദൈവത്തോടു കൂടെ നടന്നു! വെറുതെ ജീവിക്കുന്നതും ദൈവത്തോടുകൂടെ നടക്കുന്നതും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. മെഥുശലേഹിന്റെ ജനനസമയം അവൻ മരിക്കുമ്പോൾ പ്രളയം സംഭവിക്കും എന്ന് ദൈവം ഹാനോക്കിന് വെളിപ്പെടുത്തി. (മെഥുശലേഹ്: അവൻ മരിക്കുമ്പോൾ അതു സംഭവിക്കും. അപ്രകാരം സംഭവിക്കുകയും ചെയ്തു). വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചുളള ചിന്ത ഹാനോക്കിനെ സ്വന്തം ജീവിതം ക്രമപ്പെടുത്തുന്നതിനും ദൈവത്തോടു കൂടെ നടക്കുന്നതിനും പ്രേരിപ്പിച്ചു. കൂടെ നടക്കുക എന്നതിൽ കൂട്ടായ്മയും, ആശയവിനിമയവും ഉൾപ്പെട്ടിരിക്കുന്നു. രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ? ഇപ്രകാരം ദൈവത്തോടു കൂടെയുള്ള കൂട്ടായ്മയിൽ താൻ മരണം കാണാതെ എടുക്കപ്പെടുമെന്ന് ഹാനോക്ക് അറിഞ്ഞു. ഓർക്കുക! ഇതുവരെ അപ്രകാരം ഒരു സംഭവം ലോകത്തിൽ നടന്നിട്ടില്ല. ആദ്യമായി സ്വാഭാവിക മരണം കൈവരിച്ചത് ആദാമാണ്. (ഹാബേലിന്റേത് കുലപാതകം ആയിരുന്നു. സ്വാഭാവിക മരണം അല്ല). ഹാനോക്ക് എടുക്കപ്പെടുന്നതിന് 57 സംവത്സരം മുമ്പാണ് അത് സംഭവിച്ചത്. രണ്ടാമത് ഒരു മരണം ഭൂമിയിൽ സംഭവിക്കുന്നതിനു മുമ്പ് ഹാനോക്ക് എടുക്കപ്പെട്ടു. താൻ കണ്ടിട്ടില്ലാത്തതും തന്റെ ബുദ്ധിക്ക് അതീതവുമായ കാര്യമെങ്കിലും ദൈവം പറഞ്ഞത് ഹാനോക്ക് വിശ്വസിച്ചു. ഏതു സമയവും താൻ എടുക്കപ്പെടാം എന്ന ചിന്ത ദൈവത്തോടുകൂടെ നടക്കേണ്ടുന്നതിന് ഹാനോക്കിനെ പ്രേരിപ്പിച്ചു. അവൻ യഹോയെ പ്രസാദിപ്പിച്ചു എന്ന് സാക്ഷ്യം പ്രാപിച്ചതിൽ എന്തിന് അത്ഭുതപ്പെടണം!

ഹാനോക്കിനെപ്പോലെ ദൈവം നമുക്കും വെളിപ്പാടുകൾ നൽകിയിരിക്കുന്നു. ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു. 2 പത്രൊ. 3:7. നാമും ഈ ഭൂമിയിൽ നിന്നും എടുക്കപ്പെടുവാൻ പോകുന്നു. 1 തെസ്സ. 4:15–18. ഇതാ ഞാൻ വേഗം വരുന്നുവെന്ന് കർത്താവ് അരുൾ ചെയ്യുന്നു. വെളി. 22:12. നമ്മുടെ പ്രവർത്തികളും വിധിക്കപ്പെടുവാൻ പോകുന്നു. റോമ. 14:10–12, വെളി. 22:12. വരുവാനുളളവൻ വരും താമസിക്കയുമില്ല. എബ്രാ. 10:37.

ഇക്കാര്യങ്ങളുടെ വിശ്വാസത്താലാണോ നാം ജീവിക്കുന്നത്? എന്റെ നീതിമാൻ വിശ്വസിക്കും എന്നല്ല പകരം എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ എഴുതിയിരിക്കുന്നത്. ഈ കാര്യങ്ങൾ വിശ്വസിക്കുന്നതും ഇക്കാര്യങ്ങളുടെ വിശ്വാസത്താൽ ജീവിക്കുന്നതും രണ്ട് കാര്യം ആകുന്നു. പിശാചും വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇക്കാര്യങ്ങളുടെ വിശ്വാസത്താൽ ജീവിക്കുന്നവർ ഹാനോക്കിനെ പോലെ ദൈവത്തോടുകൂടെ നടക്കുന്നവർ ആയിരിക്കും. അവർ ജാതികളെപ്പോലെ നടക്കയില്ല. ഉപായങ്ങളിലും ജഡത്തെ അനുസരിച്ചും നടക്കയില്ല. കാഴ്ചയാൽ അഥവാ ലോകത്തിൽ കാണുന്ന കാര്യങ്ങളെ (ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം) അനുസരിച്ച് നടക്കയില്ല. മറ്റു മനുഷ്യരെപ്പോലെ ഈ ലോകത്തിന്റെ കാലഗതിയെയോ, അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനെയോ അനുസരിച്ച് നടക്കയില്ല. ക്രൂശിന്റെ ശത്രുക്കളായി, അഥവാ വചന സത്യങ്ങൾ പ്രാവർത്തികമാക്കുവാൻ മനസ്സിലാതെ ഉത്കർഷ സിദ്ധാന്തക്കാരായി (Prosperity Doctrine) നടക്കയില്ല. ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, അത്യാഗ്രഹം, വെറിക്കൂത്ത്, മദ്യപാനം, ശയനമോഹം, ദുഷ്ക്കാമം, പിണക്കം, അസൂയ എന്നിവയിൽ നടക്കയില്ല. ക്രമംകെട്ടു നടക്കയില്ല. ഇരുട്ടിൽ നടക്കയില്ല. പകരം :–

അവർ ദൈവവചനത്തിന്റെ വെളിച്ചത്തിൽ നടക്കുന്നവർ ആയിരിക്കും. 1 യോഹ.1:7. ജീവന്റെ പുതുക്കത്തിൽ നടക്കും. ദൈവാത്മാവിനെ അനുസരിച്ച് നടക്കും. സത്യസന്ധതയിലും വിശുദ്ധവിളിക്ക് യോഗ്യമാംവണ്ണവും നടക്കും. വിശ്വാസത്തിലും

സ്നേഹത്തിലും നടക്കും. അവർ വെളിച്ചത്തിന്റെ മക്കളായി സൂക്ഷ്മതയോടുകൂടി കർത്താവിനോടുള്ള കൂട്ടായ്മയിൽ നടക്കുന്നവർ ആയിരിക്കും. അവർ അവന്റെ കൽപ്പനകളിൽ നടക്കുന്നതുകൊണ്ട് വിശ്വാസത്താൽ ജീവിക്കുന്നവർ ആകുന്നു. ദൈവിക പ്രമാണങ്ങൾ വിശ്വസിച്ച് അതിൻപ്രകാരം സ്വന്തജീവിതത്തെ ക്രമപ്പെടുത്താത്തവർ വിശ്വാസത്താൽ ജീവിക്കുന്നവർ അല്ല. നാം വെറുതെ ജീവിക്കുന്നവരോ അതോ ഹാബേലിനെയും ഹാനോക്കിനെയും പോലെ വിശ്വാസത്താൽ ജീവിക്കുന്നവരോ?

വിശ്വാസത്താൽ അഥവാ വചനത്താൽ ജീവിക്കേണ്ടതിന് ദൈവം നമ്മെ ലോകത്തിൽ നിന്നും വേർതിരിച്ചിരിക്കുന്നു. വിശ്വാസജീവിതം വചനാധിഷ്ഠിത ജീവിതമാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ എല്ലാ തുറകളും എപ്രകാരം ആയിരിക്കേണം എന്നുള്ളതിന് വ്യക്തമായ രൂപരേഖ വചനത്തിൽ നൽകിയിട്ടുണ്ട്. 2 പത്രൊ. 1:3. മാനുഷിക രീതികളും, ലൗകിക നിയമങ്ങളും അവലംബിക്കേണ്ടതിന്റെ ആവശ്യം ലവലേശം ഇല്ലാതെവണ്ണം വചനം പൂർണ്ണ മാതൃക നൽകുന്നു. ഒരു പക്ഷെ വചനമാതൃക ദിനംതോറും മാറി വരുന്ന ലോക വ്യവസ്ഥിതിക്കും ജഡത്തിന്റെ ഇഷ്ടത്തിനും വിപരീതം ആയിരിക്കും. വചനത്തിലുള്ള വിശ്വാസത്താൽ ജീവിക്കുന്നതു മൂലം നാം ലോകത്തിന്റെ പരിഹാസത്തിനും അവിശ്വാസികളുടെയും അനാത്മികരുടെയും അപ്രീതിക്ക് പ്രാപ്തരാവുകയും മാനസികമായും ശാരീരികമായും പീഡിക്കപ്പെടുകയും ചെയ്തേക്കാം.. എന്നാൽ 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും'. വിശ്വാസ വീരന്മാരുടെ പട്ടിക നമുക്ക് രണ്ടായി തരം തിരിക്കുവാൻ സാധിക്കും. ചിലർ വിശ്വാസത്താൽ വിജയികളായി (Victors) എബ്രാ. 11:32–34. മറ്റു ചിലർ വിശ്വാസം മൂലം ബലിയാടുകളായി (Victims) എബ്രാ. 11:35–38. എന്നാൽ രണ്ടു കൂട്ടർക്കും സാക്ഷ്യം ലഭിച്ചു. അവർ വിശ്വാസത്താൽ ദൈവത്തെ പ്രസാദിപ്പിച്ചു. വചനം വിശ്വസിക്കയും അതിൻ പ്രകാരം ജീവിക്കയും ചെയ്യുന്നവരെ ദൈവം സ്നേഹപൂർവ്വം 'എന്റെ നീതിമാൻ' എന്ന് സംബോധന ചെയ്യുന്നു. തന്റെ പുത്രനെക്കുറിച്ച് 'ഇതാ എന്റെ ദാസൻ' എന്നും 'എന്റെ പ്രിയപുത്രൻ' എന്നും പറഞ്ഞിരിക്കുന്നതുപോലെ!!!

---------------------------